**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ **164** — 03.05.2017 ൽ മറുപടിക്ക്

# *സംസ്ഥാന ഐ.ടി.നയം*

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.വി.ആർ. സുനിൽ കുമാർ**<br>**ശ്രീ. മുല്ലക്കര രത്നാകരൻ**<br>**ശ്രീ. ആർ. രാമചന്ദ്രൻ**<br>**ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ** | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) സംസ്ഥാന ഐ.ടി. നയം പ്രഖ്യാപിക്കുകയുണ്ടായോ; എങ്കിൽ നയത്തിൽ ഊന്നൽ നല്കുന്ന മേഖലകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; | (എ) സംസ്ഥാന ഐ.ടി. നയം, 2017 (കരട്) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിനായി പ്രധാനമായും 4 മേഖലകൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കുക.<br>1) തദ്ദേശ/ വിദേശ നിക്ഷേപങ്ങൾ ആകർഷിക്കാനുള്ള സമയബന്ധിതവും നൂതനവുമായ മാർക്കറ്റിംഗ് സംവിധാനവും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.<br>2) സാങ്കേതിക വിദ്യാഭ്യാസം, നൈപുണ്യ വികസനം, യുവസംരംഭകത്വം പ്രോത്സാഹിപ്പിക്കൽ എന്നിവയിലൂടെ പുത്തൻ സാങ്കേതിക വിദ്യകളുടെ ഉല്പാദനം, ഉപയോഗം എന്നിവയ്ക്കനുയോജ്യമായ മാനവശേഷി വികസനം.<br>3) സാധാരണക്കാർക്ക് ഓൺലൈനായും മൊബൈൽ ഉപകരണങ്ങൾ വഴിയും സർക്കാർ സേവനങ്ങൾ മെച്ചപ്പെട്ട രീതിയിൽ ലഭ്യമാക്കുക.<br>4) ലോകോത്തര സാങ്കേതിക പശ്ചാത്തല സൗകര്യ വികസനം. |
| ബി) ഡിജിറ്റൽ സാങ്കേതിക വിദ്യയെ സംസ്ഥാന വികസനത്തിന് ഏതൊക്കെ തരത്തിൽ ഉപയോഗപ്പെടുത്താനാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) വിവരാധിഷ്ഠിത/ഡിജിറ്റൽ സാങ്കേതികവിദ്യകളുടെ വ്യാപനം/ഉപയോഗം/പരിശീലനം, അത്തരം സംരംഭങ്ങളിലുള്ള നിക്ഷേപം, നൂതനാശയങ്ങൾ, സംരംഭകത്വം എന്നിവ പരമാവധി പ്രോത്സാഹിപ്പിക്കുകയും അതുവഴി നേരിട്ടും അല്ലാതെയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, വിവര സാങ്കേതികവിദ്യ |

പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തി മൊബൈൽ ഉപകരണങ്ങളിലും സർക്കാർ സേവനങ്ങൾ ഒരു ഏകജാലക പോർട്ടൽ വഴി ലഭ്യമാക്കുക, സർക്കാരിന്റെയും വിവിധ വകുപ്പുകളുടേയും ജോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം (GIS) മാപ്പുകളും ഉൾപ്പെടുത്തിയുള്ള GIS സംവിധാനം ഒരുക്കുക എന്നിങ്ങനെ ഡിജിറ്റൽ സാങ്കേതിക വിദ്യയെ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്ന തരത്തിലാണ് ഐ.ടി. പോളിസി രൂപപ്പെടുത്തുന്നത്.

| | | | |
|---|---|---|---|
| (സി) | സംസ്ഥാന സർക്കാരിന്റെ എല്ലാ സംവിധാനങ്ങളും ആധാർ നമ്പറുമായി ബന്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ഉണ്ട്. എന്നാൽ ആധാർ ഇല്ല എന്ന കാരണത്താൽ സർക്കാരിന്റെ ഒരു സേവനവും നിഷേധിക്കപ്പെടുന്നതല്ല. |
| ഡി) | വിവിധ ടെക്നോളജി പാർക്കുകൾ എന്ന രീതി മാറ്റി കേരള ഐ.ടി.യ്ക്ക് ഒറ്റ ബ്രാന്റ് എന്നുള്ളത് നടപ്പിലാക്കുമോ? | ഡി) | കരട് നയത്തിൽ ഇത് വിഭാവനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ